
Volume 06
Issue 45
25 March, 2016
Passion Friday




# ദുഃഖവെള്ളി



Rev Bro
Jijo Maliekal

ഇന്ന് ദുഃഖവെള്ളി. ലോകം മുഴുവൻ ക്രൂശിതനെ ധ്യാനിക്കുന്ന ദിവസം. ആകാശത്തിലും ഭൂമിയ്ക്കും മദ്ധ്യേ ജീവനെ ഉയർത്തിപിടിച്ചവന്റെ ഓർമ്മകൾ ഇന്ന് ദുഃഖസാന്ദ്രമാണ്. ദുഃഖവെള്ളിയുടെ ചിന്തകൾ അയ്യപ്പപണിക്കരുടെ ഗോത്രയാനം എന്ന കവിതയിൽ വിവരിക്കുന്ന കഥയിൽ നിന്നും തുടങ്ങാം.

ഗുരു പറഞ്ഞ കഥയാണിത്. ആടുകളെ സ്നേഹിച്ച ഇടയൻ അവയ്ക്കു മേച്ചിൽപ്പുറങ്ങൾ അന്വേഷിച്ചു. അന്വേഷണം ദുരിതപൂർണ്ണമായിരുന്നു. കൊടിയ വരൾച്ച പച്ചപ്പുകൾ അന്യമാക്കി. ആടുകൾ വലഞ്ഞു. ഇടയനും അപ്പോൾ ഒരു ഭൂതം അവർക്കു മുമ്പിൽ പ്രത്യക്ഷനായി പറഞ്ഞു. ദിവസവും ഒരാട്ടിൻകുട്ടിയെ എനിക്കു നൽകുമെങ്കിൽ നിനക്കാവശ്യമുള്ള വെള്ളവും പുല്ലും ഞാൻ നൽകാം. ഇടയൻ മനം നൊന്ത് തന്റെ ആടുകളെ നോക്കി അവയിലൊന്നിനെയും നഷ്ടപ്പെടുത്താൻ അവന്റെ മനസ്സ് അനുവദിച്ചില്ല.അവൻ പുൽമേടുകൾ തേടി യാത്ര തുടർന്നു. എത്തിയത് കൊടിയ മരുഭൂമിയിൽ നിസ്സഹായതയുടെ വറുതിയും അവൻ അനുഭവിച്ചറിഞ്ഞു. അപ്പോൾ ഒരു വിചിത്ര ജീവി അവന്റെ അരികിലെത്തി പകുതി പക്ഷിയും പകുതി മൃഗവുമായ ജീവി ഇടയനോടു പറഞ്ഞു നിന്റെ ആടുകൾക്ക് വേണ്ട പുല്ലും വെള്ളവും ഞാൻ നൽകാം. ഒരു വ്യവസ്ഥ പാലിക്കണം. ദിവസവും രണ്ട് ആടുകളെ എനിക്കു നൽകണം. വറുതിയുടെ കെടുതികൾ അനുഭവിച്ച തള്ളയാടുകൾ പറഞ്ഞു. ഞങ്ങളെ വിറ്റ് ഞങ്ങളുടെ കുഞ്ഞുങ്ങൾക്ക് ജീവിതം ന ൽകികൊള്ളുക. പിള്ളയാടുകൾ എതിർത്തു. ഞങ്ങളെ വിറ്റ് ഞങ്ങളുടെ അമ്മമാരെ ജീവിക്കാൻ അനുവദിക്കുക.ഇടയൻ ഒന്നിനും കഴിയാതെ നിസ്സഹായനായി നിലകൊണ്ടു. ഒരു നിർദ്ദേശവും അവന് സ്വീകാര്യമായില്ല. ഭീകര ജന്തു പറന്നുപോയി. വെയിലിന്റെ കാഠിന്യം ഏറി വന്നു. ചുറ്റുപാടുകൾ ചുട്ടുപഴുത്തു ഏതോ വിഭ്രാന്തിയിൽ ഇടയൻ അശരീരി കേട്ടു. “രണ്ടിലൊന്ന് നി തീരുമാനിക്കുക”. ഇല്ലെങ്കിൽ നീയും നിന്റെ ആടുകളും നശിക്കും. ദുഃഖം കനം തൂങ്ങിയ വറുതി ദുരിതമായി പെയ്തിറങ്ങിയ നിമിഷത്തിൽ ധ്യാന നിരതനായി ഇടയൻ പറഞ്ഞു “നീ എന്നെ എടുത്തുകൊള്ളുക. പകരം എന്റെ ആടുകൾ ജീവിക്കണം”. ഇടയൻ മരിച്ചുവീണു. അവിടം പൂക്കളമായി പുൽമേടുകൾ ഹരിതഭംഗിയിൽ നിറഞ്ഞു അതിന് ചുറ്റും അരുവികൾ നിറഞ്ഞൊഴുകി. ആടുകൾ സമൃദ്ധമായി ജിവിച്ചു.

ദുഃഖവെള്ളിയുടെ അർത്ഥങ്ങളിലേക്ക് ഈ ഇടയൻ നമ്മെ നയിക്കുന്നു. കുരിശിൽ മരിച്ച ന ല്ലിടയൻ ജീവൻ അർപ്പിച്ചവ ന ാണ്. ആടുകൾ ജീവിക്കാൻ സ്വമ ന സ്സാലെയുള്ള സമർപ്പണമായിരുന്നു അത്. എങ്കിലും ദുഃഖവെള്ളിയുടെ വൃത്താന്തങ്ങളിൽ കാര്യ കാരണങ്ങളുടെ നീണ്ട നിരയുമുണ്ട്.

ഗദ്സമെനിയിലെ ഹൃദയം നിറഞ്ഞ പ്രാർത്ഥനയിൽ ദുഃഖവെള്ളിയുടെ വേദന സാന്ദ്രമാകുന്നു. ജീവനും മരണത്തിനും ഇടയിൽ നിസ്സഹായതയിൽ നിന്നാണ് ആ പ്രാർത്ഥന. "കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നും അകന്നുപോകട്ടെ എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നിറവേറട്ടെ". രക്തം വിയർക്കുമ്പോഴും ദുഃഖമനുഭവിച്ച പ്രാർത്ഥനയിലും രക്ഷകൻ ആഗ്രഹിച്ചത് ദൈവഹിതം നിറവേറ്റാനാണ്. ജീവിതത്തിന്റെ പ്രാർത്ഥനയുടെ അനശ്വര മാതൃകയാക്കി ദിവ്യരക്ഷകൻ മാറുന്നത് ഇവിടെയാണ്. പ്രാർത്ഥനയിലും ജീവിത്തിലും നിസ്സാര കാര്യങ്ങളിൽപോലും നമ്മുടെ ഇഷ്ടം നിറവേറ്റാൻ വ്യഗ്രചിത്തരാകുമ്പോൾ യേശുനാഥൻ സ്വന്തം ജീവിതത്തിനും മരണത്തിനും മുകളിൽ ദൈവത്തിന്റെ ഹിതം നിറവേറ്റുവാൻ പ്രാർത്ഥിക്കുന്നു.

ദുഃഖവെള്ളിയുടെ കാരണക്കാർ ഏറെയാണ്. മുപ്പതു വെള്ളികാശുകൾ തിളങ്ങിക്കുലിങ്ങിയപ്പോൾ മതിമറന്നുപോയ യൂദാസ് ആദ്യം ദൃഷ്ടിപഥത്തിലെത്തിയിരുന്നു. മൂന്നുകൊല്ലത്തെ സൗഹൃദത്തിന് നാഥൻ പകർന്നു തന്ന ജീവിത തികവിന് പ്രത്യുപകാരം ഒരു ചുംബനത്തിലൂടെ നൽകിയ യൂദാസ് മുപ്പതു വെള്ളികാശിനപ്പുറം നാഥന്റെ വില നിശ്ചയിക്കാൻ കഴിവില്ലാതെ പോയ ന ിർഭാഗ്യവാൻ. ഒരു മരത്തിന്റെ കൊമ്പിൽഅവന്റെ ജീവിതം ഒടുങ്ങുമ്പോൾ ചരിത്രം അവ ന ് വിശ്ഷണം കണ്ടെത്തിയിരിക്കുന്നു. ഒറ്റുകാരൻ യൂദാസ് സ്കറിയോത്ത ഒരിക്കലും മോചനം കിട്ടാത്ത അഭിശപ്തമായ ഓർമ്മയായ പരിഹാസ്യനായ പ്രതിയോഗിയായി യൂദാസ് ഇന്നും മാറുന്നു.

യൂദാസിനെ പരിഹസിക്കുന്നതിന് മുൻപ് നമ്മുക്കൊന്ന ആത്മപരിശോധന നടത്തണം. എത്രവട്ടം വിലയിട്ട നാഥ ന ് ന മ്മൾ വില നിശ്ചയിച്ചു. വ്യക്തി പരമായ നേട്ടങ്ങൾക്കുവേണ്ടി ന മ്മൾ എത്രപേരെ മുറിപെടുത്തി.? ഒറ്റികൊടുത്തു.? സ്ഥാ ന മാ ന ങ്ങൾക്കു സൗകര്യങ്ങൾക്ക്, സമ്പത്തിന് പേരിനും പെരുമയ്ക്കും ദൈവത്തെക്കാൾ വിലകൊടുത്തപ്പോൾ സഹോദരങ്ങളെ ബലികൊടുത്തപ്പോൾ നമ്മൾ ഒറ്റുകാരായിരുന്നു. സ്നേഹത്തിന്റെ ദൈവത്തെ മാനുഷികമായ ചുംബനത്തിന്റെ വശ്യമായ പുറം മോടിയിൽ മറച്ച് കാപട്യത്തെ ഉള്ളിൽ കുടിയിരുത്തിയവർ. ദുഃഖവെള്ളി ഒറ്റുമരത്തിന്റെ കൊമ്പിൽ ന ിന്നും മുഖം മൂടികൾ വലിച്ചെറിഞ്ഞ് ദൈവികതയിലേയ്ക്കു മടങ്ങിവരാനുള്ള ദിവസമാണ്.

ദുഃഖവെള്ളിയുടെ മറ്റൊരു ദുരന്തചിത്രം പത്രോസാണ്. തീ കായുന്ന ലാഘവത്തോടെ ഗുരുവി നെ തള്ളിപറഞ്ഞ പത്രോസ്. ഒരിക്കലും ഗുരുവി നെ ഉപേ ക്ഷിക്കുകയില്ല എന്നു വാക്കുകൊടുത്ത പത്രോസ്. പക്ഷെ കേവലം പരിചാരികയുടെ ചോദ്യത്തിനു മുൻപിൽ പത്രോസ് പതറി 3 വർഷത്തെ ദൈവികതയെ അദ്ഭുതങ്ങളും അടയാളങ്ങളും കൊണ്ട് കടലിനുമീതെ പ്രാവണ്യം നേടിയ ഗുരുവിനെ പത്രോസ് മറന്നു. ഞാൻ ആ മനുഷ്യനെ

അറിയില്ല എന്നു അവൻ ആവർത്തിച്ചു. മരണത്തിന്റെ ഒറ്റപെടലിന്റെ ഭയപാടിൽ തന്റെ ഗുരുവിനെ അറിഞ്ഞില്ല വെറും കാഴ്ചക്കാരന്റെ പുറപ്പാടു മാത്രമേ പത്രോസിനുണ്ടായിരുന്നുള്ളു. അതിനുമപ്പുറം ഉൾകാഴ്ചകളും ബോധ്യങ്ങളും യേശുവിന്റെ അന്ത്യ നിമിഷങ്ങൾക്ക് അനുഗാമിയായ പത്രോസിനന്യാമായിരുന്നു എങ്കിലും അനിവാര്യമായ നിമിഷങ്ങളിൽ പത്രോസിന്റെ ദൗർബല്യം ദുഃഖവെള്ളിയ്ക്കു മറക്കാനാവില്ല. കോഴികൂവുമ്പോൾ മനം നെന്ത് കരയുന്ന പത്രോസ് നമുക്ക് മുൻപിലെ വെളിപാടാണ്. സ്നേഹിച്ച ദൈവത്തെ തള്ളിപറഞ്ഞ നിമിഷങ്ങൾ നമുക്കൊരോരുത്തർക്കും സ്വന്തമാണ്. കരുതലും വാത്സല്യവും നൽകി പരിപാലിച്ച ദൈവത്തെ നാം എത്രേയോ വട്ടം തള്ളിപറഞ്ഞിരിക്കുന്നു. ഓരോ ദിവസവും കിടക്ക വിട്ട് ഉണരുമ്പോൾ അത് ദൈവകൃപകൊണ്ടാണ് എന്നു പറയുവാൻ നാം പഠിക്കണം. നിന്റെ കരങ്ങളും പാദങ്ങളും ചലിക്കുന്നത് ദൈവത്തിന്റെ കാരുണ്യത്തിലാണെന്ന ബോദ്ധ്യമാണ് ഒരിക്കലും നാഥനെ നിക്ഷേധിക്കാനാവാത്ത അനുഭവത്തിൽ നമ്മെ എത്തിക്കുന്നത്. അല്ലെങ്കിൽ വിശ്വാസ ജീവിതത്തിൽ കാഴ്ചക്കാർ മാത്രമായി നമ്മൾ അധപതിക്കുകയാണ്. ഓർക്കുക കാഴ്ചക്കാരന്റെ നിസംഗതയിൽ ഭീരുത്വത്തിന്റെ ദൗർബല്യം മുഴുവൻ വ്യക്തമാണ്.

പീലാത്തോസ് ദുഃഖവെള്ളിയുടെ ദുഃഖത്തിൽ നിന്നും കൈകഴുകി കഴിഞ്ഞ് മാറിയവനാണ്. വിചാരണയ്ക്കു മുൻപെ ബോധ്യമുള്ള സത്യം. നസ്രയേൽ യേശു കുറ്റക്കാരനല്ല എന്നിട്ടും പ്രമാണിവരെ ജനക്കൂട്ടത്തെ ഭയന്ന രാജാവ് വെള്ളിതാലത്തിൽ കൈകഴുകി. ഈ നീതിമാന്റെ രക്തത്തിൽ എനിക്കു പങ്കില്ല. ചരിത്രം ഇന്നും ഈ ഒഴിഞ്ഞു മാറലിനെ പരിഹസിക്കുന്നു. അതിന്റെ പിന്നാലെ ദൗർബല്യത്തിനെയും കാൽവരിയിലേയ്ക്കു വഴിതെളിച്ചു കൊടുത്ത പീലാത്തോസ് നമുക്കു മുൻപിൽ ചോദ്യചിഹ്നമാണ്. പക്ഷെ എത്രയോ വട്ടം യേശുനാഥനുവേണ്ടി നമ്മൾ പ്രഹരിച്ചു. എന്നിട്ടും സ്വന്തം ഉത്തരവാദിത്വത്തിൽ നിന്നും കൈകഴുകി ഒഴിഞ്ഞു മാറി. അടിസ്ഥാനപരമായി ഉത്തരവാദിത്വത്തങ്ങൾ ഏറ്റെടുക്കുന്നവനാണ് ജീവിതത്തെ നേടുന്നത്. ദൈവം എൽപിച്ച കർത്തവ്യങ്ങളെ തിരസ്ക്കരിക്കുമ്പോൾ നമ്മൾ പീലാത്തോസിനെക്കാളും അധപരിക്കുന്നു. പിതാവിന്റെ, മാതാവിന്റെ , മക്കളുടെ സഹോദരങ്ങളുടെ തുടങ്ങി ജീവിതത്തിൽ വ്യത്യസ്ഥമായ ഉത്തരവാദിത്വങ്ങളെ കൈകഴുകി പിൻ വാങ്ങുമ്പോൾ നമ്മൾ നീതികരിക്കാനാവാത്ത പരിഹാസ്യരായി മാറുകയാണ്. ഈ ദുഃഖവെള്ളി കർത്തവ്യ നിരതരാകുമ്പോൾ നമ്മെ നിർബന്ധിക്കുന്നുണ്ട്. സ്വന്തം കുരിശു ചുമക്കാനുള്ള ആഹ്വാനമാണ് ഇത്. കുട്ടിയായിരിക്കുമ്പോൾ വ്യക്തമാകുന്ന സത്യമുണ്ട്. തിരിച്ചറിവുകൽ നഷ്ടമാകുന്നടത്ത് ദുഃഖവെള്ളികൾ രൂപം കൊള്ളുന്നു. യൂദാസ് അറിയാതെ പോയ നാഥന്റെ വില പത്രോസ് തള്ളി പറഞ്ഞ ഗുരുവിന്റെ ആത്മാർത്ഥത പീലാത്തോസ് വിധിപറഞ്ഞ ദൈവികത. എന്നെങ്കിലും അവർ അത് തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ യേശു നാഥൻ ക്രൂശിക്കപെടുകയില്ലായിരുന്നു. നേരറിവുകളിലേയ്ക്കും നേർകാഴ്ചകഴിലേയ്ക്കും ദുഃഖവെള്ളികൾ നമ്മെ നയിക്കുന്നു.

കുരിശേറിയവന്റെ ഈ പ്രകൃതി അതിന്റെ എല്ലാഭാവത്തിലും അറിഞ്ഞു. പാറകൾ പൊട്ടി ഷിളർന്നു. പ്രതാലയങ്ങൾ തുറക്കപെട്ടു. ദേവാലയത്തിന്റെ തിരശില നെടുകെ കീറിഷോയി. മൂന്നു മണി മുതൽ ആറു മണി വരെ ഭൂമിയിലെങ്ങും അന്ധകാരമായിരുന്നു. സൂര്യൻ ഇരുണ്ടു. നക്ഷത്രങ്ങൾ നിലം പതിച്ചു. പ്രകൃതിയ്ക്കു താങ്ങാനാവാത്ത ഒരു മരണത്തിന്റെ പ്രത്യാഘാതത്തെ സുവിശേഷകൻ ചിത്രീകരിക്കുന്നത് അങ്ങെനയാണ്. ആകാശത്തിലും ഭൂമിയ്ക്കും കുരിശിൽ മരിച്ച നാഥനെ തിരിച്ചറിയുവാൻ കഴിഞ്ഞു.

ക്രൂശിതനായ യേശുവിനെ നമ്മൾ മനസ്സിൽ എന്നും ധ്യാനിക്കണം. മനസിലെ ഭാരങ്ങളും ജീവിതത്തിന്റെ സഹനങ്ങളും അവന്റെ മുൻപിൽ തൊഴുകൈകളോടെ സമർഷിക്കണം. അവന്റെ മുറിപാടുകളിൽ നിന്ന് നിന്റെ ജീവിതത്തിന്റെ വേദനകളും രോഗങ്ങളും അസ്വസ്ഥതകൾക്കും സൗഖ്യം നേടണം. ദുഃഖവെള്ളിയുടെ ശക്തി അതാണ്. അല്ലെങ്കിൽ മരിച്ചവരെ ഓർത്തു കരയുവാനും സഹതപികുന്നവരുമായി നമ്മൾ മാറും അത് അവന് ആവശ്യമില്ല.കാരണം ഏരñവും ശക്തനായിട്ടാണ് കുരിശിൽ മരിക്കുന്നത്. ഖലിൽ ജിബ്രാൻ ഇങ്ങനെ പറയുന്നു. ഇന്ന് വെള്ളി സകല ക്രിസ്ത്യാനികളും കുരിശിൽ മരിച്ചവന്റെ ഓർമ്മകൾക്കു മുൻപിൽ കണ്ണീരോടുകൂടി കൈകൾ കൂഷും. അവന്റെ പീഡാസഹനത്തിന്റെ വില. പക്ഷെ പകലിന്റെ അരങ്ങിന് മുകളിൽ രാത്രിയുടെ കർട്ടൻ വീഴുമ്പോൾ സ്വന്തം ദുരാഗ്രഹങ്ങളുടെയും അജ്ഞതയുടെയും നിഴലാട്ടങ്ങലിൽ അവൻ മയങ്ങും. ജീവിത്തിൽ ഒരു മാരñവും വരുന്നില്ലെങ്കിൽ മരിച്ചവന് ഒരു പ്രസ്കതിയും ഇല്ലന്ന് നമ്മൾ തിരിച്ചറിയണം. ഖലീൽ നമ്മെ ഓർമ്മിഷിക്കുന്ന സത്യവും മറ്റൊന്നല്ല.

ഇടയന്റെ കഥ പറഞ്ഞാണു നമ്മൾ തുടങ്ങിയത്. കഥയുടെ പൊരുൾ ഗ്രഹിക്കുവാൻ നമുകക്ു കഴിയണമെങ്കിൽ ഇനിയും കുരിശിന്റെ വഴിയിലൂടെ നാം ധ്യാനനിരതരായി ബഹുദൂരം സഞ്ചരിക്കണം. ഇടയന്റെ കൃപയും സ്നേഹവും ആത്മാർത്ഥതയും ബലിയാകുന്നടത്ത് ജീവന്റെ ഉറവകൾ പുറപ്പെടുവിക്കുന്നത് നമ്മൾ കണ്ടെത്തും. എന്റെ ജീവിത്തിലും കനിവിന്റെ ഉറവകൾ പുറപ്പെടപവിക്കുവാൻ നമുക്കു ശ്രമിക്കാം അതിനായി ക്രൂശിതനായ ദൈവത്തോടു പ്രാർത്ഥിക്കാം. ദൈവം നമ്മെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.